കൺസോളിഡേറ്റഡ് ശമ്പളം പറ്റുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

30 [2899] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഉപകരണ നിർമ്മാണ റിപ്പയറിംഗ് പരിശീലന കേന്ദ്രത്തിൽ കൺസോളിഡേറ്റഡ് ശമ്പളം കൈപ്പറ്റുന്ന എത്ര ജീവനക്കാരുണ്ടെന്നും അവരുടെ സർവ്വീസ് ദൈർഘ്യം എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവരെ സ്ഥിരം ജീവനക്കാരായി നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഈ അടുത്ത കാലത്ത് ഇവിടെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഏതെങ്കിലും ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) വളരെ ദീർഘകാലമായി കൺസോളിഡേറ്റഡ് ശമ്പളത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിനുശേഷം മാത്രം മറ്റു ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഉപകരണ നിർമ്മാണ റിപ്പയറിംഗ് പരിശീലന കേന്ദ്രത്തിൽ കൺസോളിഡേറ്റഡ് ശമ്പളത്തിൽ 11 പേർ ജോലി നോക്കുന്നു. ടി ജീവനക്കാരുടെ സർവ്വീസ് ദൈർഘ്യം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി, സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി പദ്ധതി

31 [2900] ശ്രീ. കെ. പി. മോഹനൻ:
ഡോ. കെ. സി. ജോസഫ്:
,, എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു നടപ്പാക്കിയത് എന്നു മുതലാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്പോഴും ഈ പദ്ധതി പ്രാബല്യത്തിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ വാമനപുരം, എറണാകുളം ജില്ലയിലെ അങ്കമാലി, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എന്നീ ഐ.സി.ഡി.എസ്. ബ്ലോക്കുകളിലാണ് ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) 2004 നവംബർ മാസം മുതൽ.

(സി) ഉണ്ട്. പൈലറ്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി, പോരായ്മകൾ തീർത്ത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിനു കെട്ടിടം

32 [2901] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിനു സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പ്രോജക്ട് ഓഫീസിനു കെട്ടിടം പണിയുവാൻ സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ സാമ്പത്തിക സഹായം നൽകണം എന്ന നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബാലുശ്ശേരി ഓഫീസ് കെട്ടിടം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ, വാട്ടർ സപ്ലൈ എന്നീ പ്രവർത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ പൂർത്തീകരിക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലോക ക്ഷേമ പരിപാടിയുടെ ഭാഗമായി കെട്ടിട നിർമ്മാണത്തിനു 2.5 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 1.5 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. ബാലുശ്ശേരി ഐ സി.ഡി.എസ്. ഓഫീസ് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ കോൺഫറൻസ് ഹാൾ കം മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനു സ്വയം സിദ്ധ ഫണ്ടിൽ നിന്നും ആറുലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച പ്രൊപ്പോസലിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സ്ഥിരപ്പെടുത്താൻ നടപടി

33 [2902] ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. പ്രോജക്ടിൽ താൽക്കാലികമായി മൂന്നു വർഷത്തിനുമേൽ സർവ്വീസുള്ള അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly